# നേർക്കാഴ്ച

മാർ തിമോഥെയോസ് ഹൈസ്കൂൾ, ചേലക്കോട്ടുകര

ഡിസംബർ മാസത്തെ വാർത്താപത്രിക തയ്യാറാക്കിയത് - **ലിറ്റിൽ കൈറ്റ്സ്**

## റെഡ്ക്രോസ് ക്യാമ്പ്

നവംബർ 29,30 വെള്ളിയും ശനിയുമായി റെഡ്ക്രോസ് ദ്വിദിന ക്യാമ്പ് നടന്നു. നേതൃത്വപരിശീലനം ,മാർച്ച് പാസ്റ്റ് പരിശീലനം,ബോധവൽക്കരണ ക്ലാസ്സുകൾ,ക്യാമ്പ് ഫയർ, കളികൾ തുടങ്ങി രസകരമായ അനുഭവമായിരുന്നു ക്യാമ്പിൽ പങ്കെടുത്ത ഓരോ കുട്ടിക്കും ഉണ്ടായിരുന്നത്.മികച്ച ക്യാമ്പർ മാരായി



9A യിലെ ആൻലിൻ അബി, മേഘ ജോൺ എന്നിവരെ തിരഞ്ഞെടുത്തു .ക്യാമ്പിന് നേതൃത്വം നല്കിയത് ആഷിഷ് മാഷും ആനി ടീച്ചറും ചേർന്നാണ്.



## ശാസ്ത്രോൽസവം

ശനിയാഴ്ച കാൽഡിയൻ സിറിയൻ ഹയർ സെക്കൻററി സ്കൂളിൽ നടന്ന ശാസ്ത്രോൽസവം പരിപാടിയിൽ നമ്മുടെ വിദ്യാലയത്തിലെ ആഷിക്ക് കെ.ജെ,നിഖിൽ ആൻറണി, ആരിസ് ആഷിക്ക്,ആഗ്നൽ സി ജോൺസൺ,വിഷ്ണു ബി, സ്നേഹ എം.എസ്,ആരിസ് അഞ്ജലി,വൈഗ ലക്ഷമി, എന്നിവർ പങ്കെടുത്ത് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി. 9A യിലെ സ്നേഹ എം.എസ് സംസ്ഥാന തല ശാസ്ത്രോൽസവ ദ്വിദിന ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെ ട്ടു.

## പത്ര പ്രകാശനം



8B യിലെ ടീച്ചറും കുട്ടികളും ചേർന്ന് തയ്യാറാക്കിയ നവംബർ മാസത്തെ സ്കൂൾ പത്രം നേർക്കാഴ്ച HM ശ്രീമതി ബെൻസി മാത്യു പ്രകാശനം ചെയ്തു.

## എയ്ഡ്സ് ദിനം

എയ്ഡ്സ് ദിനത്തോടനുബന്ധിച്ച് ആനി ടീച്ചർ അസംബ്ലിയിൽ ഒരു കുറിപ്പ് വായിക്കുകയും പ്രതിജ്ഞ ചൊല്ലി തരികയും ചെയ്തു.അന്നു തന്നെ ഭിന്നശേഷി വാരാചരണത്തിൻറ സമാപനത്തെ തുടർന്ന് സ്കൂൾ ഓഡിറ്റോറിയത്തിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ കലാപരിപാടികൾ നടന്നു.



## ലഹരിവിമുക്ത ദിനം

ലഹരി വിമുക്ത ദിനത്തോടനുബന്ധിച്ച് ആനി ടീച്ചർ ബോധവൽക്കരണ ക്ലാസ്സ്എടുക്കുകയും പ്രതിജ്ഞ ചൊല്ലി തരുകയും ചെയ്തു. അന്നേ ദിവസം ഉച്ചക്ക് ശേഷം എക് സൈസ് ഓഫീസർ സജീവ് സാർ ലഹരി ഉപയോഗിച്ചാലുണ്ടാകുന്ന ദോഷങ്ങളെ പറ്റിയും അപകടങ്ങ ളെക്കുറിച്ചും വിശദമായിഞങ്ങളോട് സംസാരിച്ചു. കുട്ടികൾക്ക് അവരുടെ





സംശയങ്ങൾക്ക് മറുപടിയും നല്കി, 9A യിലെ ആൻലിൻ അബി നന്ദിപറഞ്ഞു.

## സ്നേഹസഹായം

സാമ്പത്തിക പ്രശ്നം മൂലം പ്രതിസന്ധിയിലായ ഒരു കുട്ടിയുടെ കുടംബത്തിന് ആ ക്ലാസിലെ നാല്യ കൂട്ടുകാർ ചേർന്ന് ചെറിയ ഒരു തുക സംഭാവനയായി നൽകി.

## ഊർജ്ജസംരക്ഷണം

ഊർജ്ജസംരക്ഷണം കേരളത്തിന്റെ പുനർനിർമ്മാണത്തിന്എത്തുമാത്രം സഹായിക്കുന്ന എന്നവിഷയത്തെ ആസ്പദമാക്കി നടന്ന ക്വിസ് മൽസരത്തിൽ ആൻലിൻ അബി 9A ,നവീൻ ആന്റണി 10A.ഉപന്യാസ മൽസരത്തിൽ അജിനേഷ് 9A,പോസ്റ്റർ നിർമ്മാണ മൽസരത്തിൽ ബിനോ പി.ബി 9B, എന്നിവർ പങ്കെടുത്ത് സമ്മാനങ്ങൾ കരസ്ഥമാക്കി.

## സ്വാഗതം



ക്രിസ്തുമസ് അവധി കഴിഞ്ഞെത്തിയ ഞങ്ങളെ തിങ്കളാഴ്ച്ച അസംബ്ലിയിൽ വരവേറ്റത് പുതിയ പ്രധാനാധ്യാപികയാണ്. അന്നേദിവസം ആഷ ടീച്ചർ റെമിടീച്ചർക്ക് സ്വാഗതം ആശംസിക്കുകയും പരിചയപ്പെടുത്തുകയും ചെയ്തു.വളരെ സന്തോഷത്തോടെയാണ് ടീച്ചർ ഞങ്ങളെ അഭിസംബോധന ചെയ്തത്.വരുന്ന വാർഷികപരീക്ഷക്ക് എല്ലാവരോടും നല്ലരീതിയിൽ തയ്യാറെടുക്കണമെന്ന് ആശംസിച്ചു.



## രക്ഷാകർതൃ വിദ്യാഭ്യാസ പരിപാടി സ്കൂൾതലം

**2019-20**



6-12-19 ന് വെള്ളിയാഴ്ച്ച 2:30 ന് രക്ഷാകർതൃ വിദ്യാഭ്യാസം വിദ്യാലയമികവിന് എന്ന വിഷയവുമായി ബന്ധപ്പെട്ട ഒരു ജനറൽ പി.ടി.എ യോഗം കൂടുകയുണ്ടായി. 262 രക്ഷാകർത്താക്കളാണ് യോഗത്തിൽപങ്കെടുത്തത്. ബഹു.വിദ്യാഭ്യാസ മന്ത്രിയുടെ സന്ദേശം വീഡിയോ പ്രദർശനം നടത്തി.ഫസ്റ്റ് അസിസ്റ്റന്റ് ശ്രീമതി ആഷ ടീച്ചർ എല്ലാവരെയും സ്വാഗതം ചെയ്തു.പി.ടി.എ പ്രസിഡന്റ് ശ്രീ.ജീസ് എ.ജെ അധ്യക്ഷപ്രസംഗത്തിൽ അന്താരാഷ്ട്ര നിലവാരം,വിദ്യാലയ സങ്കൽപങ്ങൾ,വിദ്യാലയ വളർച്ച തുടങ്ങിയവ പരാമർശിച്ചു.

പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞവും നമ്മുടെ വിദ്യാലയവും എന്ന വിഷയാവതരണം എസ്.ആർ.ജി. കൺവീനർ അനില ടീച്ചർ നടത്തി.രക്ഷാകർത്താക്കൾക്ക് പൊതുചർച്ചയ്ക്ക് അവസരം നൽകി.ക്രോഡീകരണം നടത്തി.ആശംസ പ്രസംഗം പി.ടി.എ.വൈസ് പ്രസിഡന്റ് ജോൺ ജെ ഒല്ലൂക്കാരൻ നടത്തി.സ്റ്റാഫ് സെക്രട്ടറി സിജി ടീച്ചർ നന്ദി പ്രകാശനം നടത്തി.എല്ലാവർക്കും ലഘുഭക്ഷണം വിതരണം ചെയ്തു.ഇതിനോടനുബന്ധിച്ച് ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ് എക്സൈസ് ഓഫീസർ സജീവ് സാർ നടത്തി.ഫലപ്രദമായ ക്ലാസായിരുന്നവ എന്ന് രക്ഷകർത്താക്കൾ പറഞ്ഞു.



## കൺസ്യൂമർ ക്ലബ്




ഉപഭോകതൃ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ 30-12-19 തിങ്കളാഴ്ച്ച 2:00 മണിക്ക് നിയമ ബോധന ക്ലാസ് ഉണ്ടായിരുന്നു.ഉപഭോക്തൃ സംരക്ഷണ നയമത്തെക്കുറിച്ച് എ.സി ബെന്നി ക്ലാസ് എടുത്തു.